# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 329 24.06.2013 -ൽ മറുപടിക്ക്

### പി.എസ്.സി. അംഗങ്ങളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി. സുധാകരൻ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ.വി.അബ്ദുൽ ഖാദർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 31.05.2013..ലെ ജി.ഒ(പി) നമ്പർ 156/2013/ജി.എ.ഡി ഉത്തരവ് പ്രകാരം പി.എസ്.സി. അംഗങ്ങളുടെ എണ്ണം 17..ൽ നിന്ന് 20 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) | ഇതര സംസ്ഥാനങ്ങളിലെ കമ്മീഷനുകളിലെ അംഗസംഖ്യ എട്ടിൽ താഴെയാണെന്നത് അറിയാമോ ; | (ബി) | അത്തരത്തിലൊരു താരതമ്യ പഠനം നടത്തിയിട്ടില്ല. |
| സി) | പി.എസ്.സി യുടെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ അനുവദിച്ചിട്ടുണ്ടോ; | (സി) | 14.12.2012-ലെ ജി.ഒ (എം.എസ്) നംപർ 371/2012/പൊ.ഭ.വ. ഉത്തരവ് പ്രകാരം 30 (മുപ്പത്) അധിക തസ്തികകൾ സൃഷ്ടിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിൽ ധനകാര്യ വകുപ്പ് പ്രതികൂല നടപടികളെടുക്കാനുണ്ടായ സാഹചര്യമെന്താണ്; | (ഡി) | പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആവശ്യമായ എണ്ണം അധിക ജീവനക്കാരെ നിയമിക്കുന്ന കാര്യത്തിൽ സർക്കാർ എല്ലാ കാലത്തും അനുഭാവ പൂർവ്വമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. |

. . . .2)

ജീവനക്കാരുടെ ആവശ്യമായ എണ്ണം സംബന്ധിച്ച പഠന റിപ്പോർട്ടുകൾ, സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചാണ് ധനകാര്യ വകുപ്പ് തീരുമാനമെടുക്കുന്നത്.

ഇ) നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം വെട്ടിക്കുറക്കുവാനുണ്ടായ കാരണങ്ങൾ അറിയിക്കുമോ ;

(ഇ) നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം വെട്ടിക്കുറച്ചിട്ടില്ല.

(എഫ്) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താതെ പി.എസ്.സി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കാരണമെന്താണ്; വിശദമാക്കുമോ?

(എഫ്) ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതിലൂടെ കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാമെന്ന് ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ